**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 584** **11-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷം ഏതൊക്കെ മാസങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങുന്ന സാഹചര്യം ഉണ്ടായി എന്ന് അറിയിക്കുമോ; 2024 മാർച്ച് 1, 2, 3 തുടങ്ങിയ തീയതികളിൽ ശമ്പളം ലഭിക്കേണ്ടിയിരുന്ന ജീവനക്കാർക്ക് ഏതൊക്കെ ദിവസങ്ങളിലാണ് ശമ്പളം വിതരണം ചെയ്യാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഒരു മാസത്തിലും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം ഇ.ടി.എസ്.ബി (എംപ്ലോയീസ് ട്രഷറി സേവിങ്സ് ബാങ്ക്) അക്കൗണ്ട് മുഖേനയാണ് വിതരണം ചെയ്യുന്നത്. 2024 ഫെബ്രുവരി മാസത്തെ ശമ്പളം 2024 മാർച്ച് മാസത്തിലെ ആദ്യ മൂന്ന് പ്രവർത്തി ദിവസങ്ങളായ 1, 2, 4 തീയതികളിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഇ.ടി.എസ്.ബി അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. |
| (ബി) | ജീവനക്കാരുടെ ടി.എസ്.ബി. അക്കൗണ്ടുകളിലേക്ക് ശമ്പളം ക്രെഡിറ്റ് ചെയ്തതായി കാണിക്കുകയും എന്നാൽ ട്രഷറിയിൽ നിന്നും തുക പിൻവലിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഒരു മാസത്തിലും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം ഇ.ടി.എസ്.ബി (എംപ്ലോയീസ് ട്രഷറി സേവിങ്സ് ബാങ്ക്) അക്കൗണ്ട് മുഖേനയാണ് വിതരണം ചെയ്യുന്നത്. 2024 ഫെബ്രുവരി മാസത്തെ ശമ്പളം 2024 മാർച്ച് മാസത്തിലെ ആദ്യ മൂന്ന് പ്രവർത്തി ദിവസങ്ങളായ 1, 2, 4 തീയതികളിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഇ.ടി.എസ്.ബി അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. |
| (സി) | 2024 മാർച്ച് 1, 2, 3 തുടങ്ങിയ തീയതികളിൽ ട്രഷറിയിൽ നിന്നും ശമ്പളയിനത്തിൽ വിതരണം ചെയ്യേണ്ടിയിരുന്ന ആകെ തുകയുടെ വിശദാംശവും വിതരണം ചെയ്ത ആകെ തുകയുടെ വിശദാംശവും ഇതേ ദിവസങ്ങളിൽ ജീവനക്കാരുടെ ടി.എസ് ബി. അക്കൗണ്ടുകളിൽ നിന്നും പിൻവലിക്കപ്പെട്ട ആകെ തുകയുടെ വിശദാംശവും വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഒരു മാസത്തിലും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം ഇ.ടി.എസ്.ബി (എംപ്ലോയീസ് ട്രഷറി സേവിങ്സ് ബാങ്ക്) അക്കൗണ്ട് മുഖേനയാണ് വിതരണം ചെയ്യുന്നത്. 2024 ഫെബ്രുവരി മാസത്തെ ശമ്പളം 2024 മാർച്ച് മാസത്തിലെ ആദ്യ മൂന്ന് പ്രവർത്തി ദിവസങ്ങളായ 1, 2, 4 തീയതികളിൽ സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാർ ജീവനക്കാരുടെ ഇ.ടി.എസ്.ബി അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ